പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2793      27.01.2014 ലെ മറുപടിക്ക്

## സ്വയം പര്യാപ്ത പട്ടികജാതി സങ്കേതം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം | | ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) | പട്ടികജാതി കോളനികളുടെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കുമോ; | (എ) | അൻപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളുടെ സമഗ്രവികസനത്തിനായി 'സ്വയംപര്യാപ്ത ഗ്രാമം' എന്ന പദ്ധതി 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കി വരുന്നു. കൂടാതെ, തെരഞ്ഞെടുത്ത 12 പട്ടികജാതി കോളനികളുടെ സമഗ്രവികസനത്തിനായി 2013-14 വർഷം 'ഗാന്ധിഗ്രാമം' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | സ്വയം പര്യാപ്ത പട്ടികജാതി സങ്കേതം എന്ന പദ്ധതിയിലുൾപ്പെടുത്തി പട്ടികജാതി സങ്കേതങ്ങളിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നത്; | (ബി) | കോളനിയുടെ സമഗ്രവികസനം ലക്ഷ്യമാക്കി ഒരു കോടി രൂപയിൽ പരിമിതപ്പെടുത്തി അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. |
| (സി) | റാന്നി നിയോജകമണ്ഡലത്തിൽ ഇതിനായി തെരഞ്ഞെടുത്ത കോളനികൾ ഏതൊക്കെയാണ്; | (സി) | റാന്നി നിയോജകമണ്ഡലത്തിൽ നിന്നും 2012-13 സാമ്പത്തികവർഷം ബിമ്മരം കോളനിയെയും 2013-14 സാമ്പത്തിക വർഷം കിസുമം പട്ടികജാതി കോളനിയെയും ആണ് സ്വയം പര്യാപ്ത കോളനിയായി തെരഞ്ഞെടുത്തിട്ടുള്ളത്. |
| (ഡി) | ഓരോ കോളനികളിലും എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; | (ഡി) | കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |
| (ഇ) | കോളനികളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ആർക്കാണ് നൽകിയിട്ടുള്ളത്? | (ഇ) | കോളനികളെ തെരഞ്ഞെടുക്കുന്നത് ബന്ധപ്പെട്ട എം. എൽ. എ. മാരാണ്. |

സെക്ഷൻ ഓഫീസർ